മലയാള മനോരമ
ESTABLISHED 1888
04 May 2018

# കൂടു മൽസ്യ കൃഷിയിൽ പിഴല മാതൃക തേടി മഹാരാഷ്ട്ര

കൊച്ചി ● കൂടുമത്സ്യ കൃഷിയിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) സാങ്കേതിക സഹായം തേടി മഹാരാഷ്ട്ര.

പിഴലയിലും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ചെയ്തു വരുന്ന കൂടുമത്സ്യ കൃഷി വിജയ മാതൃകകൾ മഹാരാഷ്ട്രയിലും നടപ്പിലാക്കുന്നതിനാണു ധനകാര്യ-ആസൂത്രണ സഹമന്ത്രി ദീപക് കേസാർക്കർ സിഎംഎഫ്ആർഐയുടെ പിന്തുണ തേടിയത്.

സിഎംഎഫ്ആർഐയിൽ വിവിധ വകുപ്പു മേധാവികളുമായി നടന്ന ചർച്ചയിലാണു സഹായം ആവശ്യപ്പെട്ടത്. മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ജില്ലയിൽ 500 കൂടുകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് മഹാരാഷ്ട്ര സർക്കാർ സിഎംഎഫ്ആർഐക്കു സാമ്പത്തിക സഹായം നൽകും.

സിഎംഎഫ്ആർഐയിലെ മാരികൾച്ചർ വിഭാഗത്തിലെ ഒരു സംഘം മഹാരാഷ്ടയിലെ സിന്ധുദുർഗ് ജില്ലയിൽ സന്ദർശനം നടത്തി ജലാശയങ്ങളുടെ പാരിസ്ഥിതിക ഘടകങ്ങൾ വിലയിരുത്തും. മഹാരാഷ്ട്ര അഡീഷനൽ പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ എൻ. വാസുദേവൻ, സിഎംഎഫ്ആർഐയെ പ്രതിനിധീകരിച്ചു ഡോ. ഇമെൽഡ ജോസഫ്, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. കെ.കെ. ജോഷി, ഡോ. പി.യു. സക്കറിയ, ഡോ. സി. രാമചന്ദ്രൻ, ഡോ. എ.പി. ദിനേശ് ബാബു എന്നിവർ പ്രസംഗിച്ചു



മഹാരാഷ്ട്ര മന്ത്രി ദീപക് കേസാർക്കർ സിഎംഎഫ്ആർഐയിൽ വിവിധ വകുപ്പു മേധാവികളുമായി ചർച്ച നടത്തുന്നു.

## പിഴല വിജയമാതൃക

ഇരുന്നൂറോളം കൂടുകളിലാണു പിഴലയിൽ മത്സ്യകൃഷി നടക്കുന്നത്. പിഴല മാതൃകയിൽ സാധാരണക്കാർക്ക് ഉപജീവനമാർഗത്തിനു വഴിയൊരുക്കുന്ന രീതിയിൽ സിന്ധുദുർഗിലും കൂടുകൃഷി വ്യാപകമാക്കുകയാണ് മഹാരാഷ്ട്രയുടെ ലക്ഷ്യം. മഹാരാഷ്ട്ര ചെറുകിട വ്യവസായ കോർപറേഷൻ ജോയിന്റ് ഡയറക്ടർ ലീന ബൻസോഡ് പിഴലയിലെ കൂടുമത്സ്യ കൃഷി യൂണിറ്റുകൾ സന്ദർശിച്ചു. മഹാരാഷ്ട്രയിലെ കർഷകരുമായി അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനു പിഴലയിലെ കർഷകരെ അവർ മഹാരാഷ്ട്രയിലേക്ക് ക്ഷണിച്ചു.